## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ. 2361**

**2018 ഡിസംബർ 6 -ലെ മറുപടിക്ക്**

**ധനകാര്യവകുപ്പും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ**

| **ചോദ്യം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ഉത്തരം**<br>**ഡോ. റ്റി.എം. തോമസ് ഐസക്**<br>**ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| **(എ)** സംസ്ഥാനത്ത് 2010 ജനുവരി മുതൽ ധനകാര്യവകുപ്പും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ; | 2010 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ 1544 ഓഫീസുകളിൽ വിവിധ ന്യൂനതകൾ/ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| **(ബി)** ഇൻസ്പെക്ഷൻ വിഭാഗം ന്യൂനതകൾ ഉണ്ടെന്ന് കണ്ടെത്തിയ സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്;എത്ര സ്ഥാപനങ്ങളുടെ നടപടികൾ ഒഴിവാക്കി കൊടുത്തിട്ടുണ്ട്;ഒഴിവാക്കിയത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും, ആയതിന്റെ പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള 1544 പരിശോധനാ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതാത് ഭരണവകുപ്പുകളാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്. ഇതിൽ 328 കേസുകളിൽ നടപടി സ്വീകരിച്ചതായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** പണമിടപാട് സംബന്ധിച്ച് ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് അമിതമായി ഉപയോഗിച്ച തുക തിരിച്ചടച്ചിട്ടുണ്ടോ;തിരിച്ചടച്ചതിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | 2010 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 1,12,45,638/- രൂപ സർക്കാരിലേക്ക് തിരികെ ലഭിച്ചതായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |
| **(ഡി)** 2010 ജനുവരി മുതൽ ഇത്തരത്തിൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ കണ്ടെത്തിയ തുക എത്ര; ഇതിൽ എത്ര തുക സർക്കാരിലേയ്ക്ക് വന്നിട്ടുണ്ട്; | |